# തുവർത്തിന്റെ പാഠങ്ങൾ

## (യോഹന്നാൻ 13:1-17)

തന്റെ പരസ്യശുശ്രൂഷയിൽ എല്ലാം യേശു സ്വർഗ്ഗീയസ മയ വിവരപ്പട്ടിക സൂക്ഷ്മമായി അറിഞ്ഞിരുന്നു. തന്റെ അമ്മ അവനോട് ഒരു അത്ഭുതം ചെയ്യുവാൻ ആവശ്യപ്പെട്ടപ്പോൾ അവൻ പറഞ്ഞു, "എന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല" (യോഹന്നാൻ 2:4). അവന്റെ ശുശ്രൂഷാവേളയിൽ പല പ്രാവശ്യം അവന്റെ ശത്രുക്കൾക്ക് അവനെ പിടിപ്പാൻ കഴിഞ്ഞില്ല എന്ന് ശ്രദ്ധിക്കുക. കാരണം "അവന്റെ നാഴിക ഇതുവരെയും വന്നിട്ടില്ല" (യോഹന്നാൻ 7:30; 8:20). അവന്റെ വ്യക്തിപരമായ ശുശ്രൂഷയുടെ അവസാന നാളുകൾ എത്തുമ്പോൾ "നാഴിക വന്നിരിക്കുന്നു" എന്നു വീണ്ടും വീണ്ടും ഊന്നിപ്പറയുന്നുണ്ടെന്ന് കാണാം:

> "യേശു അവരോട് ഉത്തരം പറഞ്ഞത്: മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു" (യോഹന്നാൻ 12:23).
>
> "പെസഹ പെരുനാളിന് മുമ്പെ താൻ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്നു യേശു അറിഞ്ഞിട്ടു" (യോഹന്നാൻ 13:1).
>
> "ഇതു പറഞ്ഞിട്ടു യേശു സ്വർഗ്ഗത്തേക്കു നോക്കി പറഞ്ഞതെന്തെന്നാൽ: പിതാവേ, നാഴിക വന്നിരിക്കുന്നു" (യോഹന്നാൻ 17:1).

ഇപ്പോഴത്തെ നമ്മുടെ പാഠം യോഹന്നാൻ 13-ാം അദ്ധ്യായത്തിൽ നിന്നാണ്. ക്രൂശിന്റെ നിഴൽ നീണ്ടുനീണ്ടു വരുന്നതായി നിശ്ചയമായും യേശുവിന്നു അറിയാമായിരുന്നു. യേശുവിന്നു ഇവിടെ ജീവിക്കുവാൻ 15 മണിക്കൂറിൽ താഴെ മാത്രമേ സമയം ഉണ്ടായിരുന്നുള്ളു. തന്റെ ശിഷ്യന്മാരുമായി പങ്കിടുവാൻ അവനു ധാരാളം കാര്യങ്ങൾ ഉണ്ടായിരുന്നു. അവന്റെ പരസ്യപ്രസംഗം അവസാനിച്ചിരുന്നു. എന്നാൽ

മാളികമുറിയിലെ സ്വകാര്യതയിൽ യേശു തന്റെ ശിഷ്യന്മാരെ കണ്ടു പ്രധാനപ്പെട്ട സത്യങ്ങൾ അറിയിക്കണമായിരുന്നു. ആ രഹസ്യ നിമി ഷങ്ങളെക്കുറിച്ച് മത്തായി, മർക്കൊസ്, ലൂക്കോസ് എന്നിവർ ധാരാളം വിശദീകരണങ്ങൾ നല്കിയിട്ടുണ്ട്. അവസാനത്തെ അത്താഴത്തിനു വേണ്ടിയുള്ള ഒരുക്കം, യേശുവിനെ ഒറ്റിക്കൊടുക്കുമെന്ന മുന്നറിയിപ്പ്, കർത്തൃ മേശയുടെ സ്ഥാപനം എന്നിവ ഉൾപ്പെടുന്നു. യോഹന്നാൻ പിന്നീട് എഴുതിയപ്പോൾ ഈ പരിചിതമായ വിവരങ്ങൾ ആവർത്തിച്ചി ല്ല. (ഈ സംഭവങ്ങൾ ഓരോ ഞായറാഴ്ചയും സഹോദരങ്ങൾ കൂടി വന്നു കർത്തൃമേശയിൽ നിന്നു പങ്കെടുക്കുമ്പോൾ പൂർവ്വാഭ്യാസം നട ത്തുന്നു എന്നു സംശയരഹിതമായി പറയാം). മറിച്ച് യേശു യാത്ര പറ യുമ്പോൾ ശിഷ്യന്മാരോടു പ്രസംഗിക്കുന്നതു യോഹന്നാൻ രേഖപ്പെ ടുത്തിയിട്ടുണ്ട് (13 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങൾ). തുടർന്ന് ശിഷ്യന്മാർക്കു വേണ്ടിയുള്ള യേശുവിന്റെ സ്പർ ശിക്കുന്ന പ്രാർത്ഥ ന (17-ാം അദ്ധ്യായം).

ഈ ഭാഗം തുറക്കുമ്പോൾ, യേശുവിന്റെ നിർമ്മദമായ വാക്കു കൾ ശ്രവിക്കാവുന്ന മാനസികാവസ്ഥയിലായിരുന്നില്ല അപ്പൊസ്തലന്മാർ. അതുകൊണ്ട് 13-ാം അദ്ധ്യായം ആരംഭിക്കുന്നത് തുവ ർത്തിന്റെ പാഠ ങ്ങൾ പഠിപ്പിക്കുന്നതായ - യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകുന്ന സംഭവത്തോടുകൂടെയാണ്. യേശു അവർക്കു കൊടുക്കുന്ന വെല്ലു വിളി നേരിടുവാൻ ശിഷ്യന്മാർക്കു ഈ പാഠങ്ങൾ ആവശ്യമായിരുന്നു. യജമാനനെ ക.

## താഴ്മയുടെ പാഠം
## (യോഹന്നാൻ 13:1-5)

### യേശു തുവർത്ത് എടുത്തു

സ്നേഹം എന്ന വിഷയത്തെ കേന്ദ്രീകരിക്കുന്നതാണ് യോഹന്നാൻ 13 മുതൽ 17 വരെയുള്ള അദ്ധ്യായങ്ങൾ ഈ അദ്ധ്യായങ്ങ ളിൽ സ്നേഹം എന്ന വാക്ക് 31 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഈ അദ്ധ്യായ ങ്ങൾക്കെല്ലാം ഉള്ള മുഖവുരയായിരിക്കുന്നതു യോഹന്നാൻ 13:1 ആണ്. അതുപോലെ യേശു "ശിഷ്യന്മാരുടെ കാലുകൾ കഴുകുന്ന" സംഭവ ത്തിന്റേയും മുഖവുര അതു തന്നെയാണ്:

> പെസഹ പെരുനാളിന്നു മുമ്പെ താൻ ഈ ലോകം വിട്ടു പിതാവിന്റെ അടുക്കൽ പോകുവാനുള്ള നാഴിക വന്നു എന്നു യേശു അറിഞ്ഞിട്ടു ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാന ത്തോളം അവരെ സ്നേഹിച്ചു (എംഫസിസ് മൈൻ).

യേശു ക്രിസ്തു സ്നേഹിപ്പാൻ പഠിപ്പിച്ചതുപോലെ നിങ്ങൾ സ്നേഹിക്കുമെങ്കിൽ എന്തു തന്നാലും മറിച്ച് ചെയ്യുകയില്ല.[1]

വാക്യം 2 കൂട്ടിച്ചേർക്കുന്ന കുറിപ്പ് അത്താഴസമയത്ത് പിശാച് ചെയ്യുന്നതായിട്ടാണ്. ''അത്താഴം ആയപ്പോൾ പിശാച് ശിമോന്റെ മകനായ യൂദാ ഈസ്ക്കര്യോത്താവിന്റെ, ഹൃദയത്തിൽ അവനെ കാണിച്ചുകൊടുപ്പാൻ തോന്നിച്ചിരുന്നു.'' ഈ വിവരണം ഈ സമയത്ത് ആഖ്യാനരൂപത്തിൽ നല്കുവാൻ കാരണമെന്ത്? ഏതാനും മിനിറ്റുകൾക്കുള്ളിൽ യേശുക്രിസ്തു യുദയുടെ കാലുകൾ അടക്കം ശിഷ്യന്മാരുടെ എല്ലാം കഴുകുവാനിരിക്കയാണ്. യേശു യൂദയുടെ കാലുകൾ കഴുകുമ്പോൾ ഓർമ്മിക്കുക, യുദാ ചെയ്യാൻ പോകുന്ന പദ്ധതിയുടെ പൂർണ്ണ അറിവോടെയാണ് അവൻ അവന്റെ കാലുകൾ കഴുകിയത്!

വാക്യം 3 പറയുന്നു ''പിതാവു സകലവും തന്റെ കയ്യിൽ തന്നിരിക്കുന്നു എന്നും താൻ ദൈവത്തിന്റെ അടുക്കൽ നിന്നു വന്നു ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ'' ആണ് ഇത് ചെയ്യുന്നത്. അവൻ എവിടെ പോകുന്നു എന്നും എവിടെ നിന്നു വന്നു എന്നും താൻ ആരായിരുന്നു എന്നും അറിഞ്ഞതിനാലാണ് അവന്നു ദാസനാകാൻ കഴിഞ്ഞത്. ''വിവാഹം സമ്പുഷ്ടമാക്കുവാനുള്ള'' ഒരു ഫിലിം ആയ ''ബ്രീച്ചർ ഫാൽക്കനറിൽ'' ഒരാൾക്കു തന്നെക്കുറിച്ചു നല്ല ഉറപ്പുണ്ടെങ്കിൽ, താൻ ആരാണെന്നു അറിയാൻ കഴിഞ്ഞാൽ അയാൾക്കു എച്ചിൽ എടുക്കാൻ കഴിയുമായിരുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ തങ്ങളെക്കുറിച്ച് ഉറപ്പില്ലാത്തവർ ഹീനജോലിചെയ്താൽ തങ്ങൾ തരം താണുപോകും എന്നു കരുതും. യേശുവിനു താൻ ആരാണെന്നു അറിയാമായിരുന്നതു കൊണ്ടു അവനു ദാസനാകാൻ കഴിഞ്ഞു.

അവൻ ''അത്താഴത്തിൽ നിന്നു എഴുന്നേറ്റു വസ്ത്രം ഊരി വച്ചു ഒരു തുവർത്തു അരയിൽ ചുറ്റി'' (വാക്യം 3, 4). ഡാവിൻചിയുടെ അത്യുൽകൃഷ്ട ചിത്രത്തിലെ ഇരിപ്പിടമായിരുന്നില്ല യേശുവും ശിഷ്യന്മാരും ഇരുന്നിരുന്നത്, അവസാന അത്താഴത്തിനു അവർ നീണ്ട ഊൺ മേശയ്ക്കു ചുറ്റുമുള്ള ചാരുകസേരയിലുമായിരുന്നില്ല. മറിച്ച്, അവർ ഇരുന്നിരുന്നത് ഇടത്തുവശത്തുള്ള കനം കുറഞ്ഞ പായയോ കരിമ്പടമോ നിവർത്തി അതിലായിരിക്കും.[2] ഇടതു കൈ മുട്ട് അതിൽ ഊന്നി ചാഞ്ഞിരുന്നു വലതു കൈകൊണ്ടു ഭക്ഷണം കഴിക്കും.[3] അപ്പം മുറിച്ച് ഖണ്ഡങ്ങൾ അവരുടെ മുമ്പിൽ വെച്ച പാത്രങ്ങളിൽ മുക്കി ശബ്ദത്തോടെ തിന്നു കൊണ്ടിരുന്നു. ഈ ചിത്രം നിങ്ങളുടെ മനസ്സിൽ സൂക്ഷിച്ചാൽ യേശുവും ശിഷ്യന്മാരും ഒരു നിരയായി ഒരു മേശയ്ക്കു ചുറ്റും ഇരിക്കുന്നു.[4] അവരുടെ ശരീരങ്ങൾ തൊട്ടുരുമ്മിയിരിക്കും. അടുത്തിരിക്കുന്ന ആളുടെ മുഖവുമായി വലിയ ദൂരെയല്ലാതെയാണ്

ഓരോരുത്തരുടേയും കാലുകൾ ഉള്ളത്. അങ്ങനെയുള്ള സ്ഥിതിയിലാണ് യേശു മേശയിൽ നിന്ന് എഴുന്നേറ്റ് ശിഷ്യന്മാരുടെ കാലുകൾ കഴുകാൻ ഒരുങ്ങുന്നത്.

കാൽകഴുകൽ അന്നത്തെ സാമൂഹ്യകാഴ്ചപ്പാടിന്റെ ഭാഗമായിരുന്നു. ഒരാളെ ഭക്ഷണത്തിനു വിളിച്ചാൽ സാധാരണ അയാൾ കുളിച്ചു അടിതൊട്ടു മുടിവരെ ശുദ്ധമായിട്ടാണ് ഭക്ഷണം കഴിക്കാനിരിക്കുന്നത്. എങ്ങനെയായാലും പാലസ്തീനിലെ വീഥികളെല്ലാം ചെളി പുരണ്ടതും ഉച്ഛിഷ്ടം നിറഞ്ഞതും ആയിരുന്നു (മൃഗങ്ങളും ഇതേ വഴിതന്നെയാണ് ഉപയോഗിച്ചിരുന്നതെന്നു ഓർമ്മിക്കുക). മഴ പെയ്താൽ റോഡെല്ലാം ചളിയാകും. എല്ലാവരും ചെരുപ്പുകൾ ഉപയോഗിക്കുന്നതുകൊണ്ട് അതിഥി വരുമ്പോൾ സ്വീകരിക്കുന്ന സമയം അയാൾ തല മുതൽ മുട്ടിനു താഴെ വരെ ശുദ്ധമായിരിക്കും. എന്നാൽ കണങ്കാലും പാദങ്ങളും പൊതുവിൽ അശുദ്ധമായിരിക്കും. ഒരു നല്ല ആതിഥേയൻ വീടിന്റെ മുൻവശത്തു വലിയ പാത്രത്തിൽ വെള്ളം നിറച്ചു,[5] അരികിൽ വാവട്ടമുള്ള പാത്രവും തളികയും, തുവർത്തുകളും വെച്ചിരിക്കും.[6] ഒരാൾ ഗൃഹത്തിൽ പ്രവേശിക്കുമ്പോൾ ചെരുപ്പുകൾ അഴിച്ചു മാറ്റും. ആരെങ്കിലും കാലുകൾ കഴുകും. സാധാരണ, ഒരു അടിമയാണ് ഇതു ചെയ്യുന്നത്, കാരണം ഇതു തരംതാഴ്ത്തപ്പെട്ട ജോലികളിൽ ഒന്നായി കരുതിയിരുന്നു. അതിഥികളുടെ കാൽ കഴുകുന്നതിനു എബ്രായദാസനെ നിർബ്ബന്ധിക്കാൻ പാടില്ലായിരുന്നു; കാരണം, ഈ ജോലി ഹീനമായിട്ടാണ് അവർ കണ്ടിരുന്നത്. ജാതികളായ അടിമകളെക്കൊണ്ടാണ് ഇതു ചെയ്യിച്ചിരുന്നത്. അതിഥികളുടെ കാലുകൾ കഴുകാൻ അടിമകൾ ആരും ഇല്ലെങ്കിൽ നല്ല ആതിഥേയൻ അതു ചെയ്യുമായിരുന്നു, ആതിഥേയൻ ഇല്ലെങ്കിൽ (മാളികമുറിയിലേതു പോലെ), അതിഥികൾ അന്യോന്യം കാലുകൾകഴുകും. അശുദ്ധമായ കാലുകളോടെ ഭക്ഷണത്തിന് ഇരിക്കുന്നത് അവർക്ക് ചിന്തിക്കാൻ പോലും പ്രയാസമായിരുന്നു.

എന്തുകൊണ്ടു, പിന്നെ, ശിഷ്യന്മാർ അവരുടെ കാലുകൾ കഴുകാതെ മേശയ്ക്കു ചുറ്റും ഇരുന്നു? ലൂക്കൊസ് പറയുന്നത്, "തങ്ങളുടെ കൂട്ടത്തിൽ ആരെയാകുന്നു വലിയവനായി എണ്ണേണ്ടതു എന്നതിനെ ചൊല്ലി ഒരു തർക്കവും അവരുടെ ഇടയിൽ ഉണ്ടായി (ലൂക്കോസ് 22:24). നിങ്ങൾക്കു അവർ പറയുന്നത്" കേൾക്കാൻ കഴിയുന്നില്ലേ? അന്ത്രെയോസ് പറയുന്നു "എന്നെയാണ് ആദ്യം വിളിച്ചത്." യോഹന്നാൻ പറയുന്നു ''എന്നെയാണ് അവന് കൂടുതലിഷ്ടം." യൂദാ പറയുന്നു, ''പണസഞ്ചി എന്റെ കയ്യിലാണ്.'' പത്രൊസ് പറയുന്നു, ''ദൈവരാജ്യത്തിന്റെ താക്കോൽ എനിക്കാണ് നല്കിയത്." മുറി മുഴുവനും അഹങ്കാരമുള്ള ഹൃദയങ്ങളാലും അഴുക്കുള്ള കാലുകളാലും നിറഞ്ഞിരുന്നു. അവർ ഒരു തുവർത്തിന്നു വേണ്ടിയ

ല്ല, സിംഹാസനത്തിനുവേണ്ടിയാണ് പോരാടിക്കൊണ്ടിരിക്കുന്നത്. അങ്ങനെ അവിടെ ഇരിക്കുന്നവരുടെ എല്ലാം മുഖത്തു മറ്റുള്ളവരുടെ കാലിലെ അഴുക്കു നിറഞ്ഞിരിക്കയാണ്.

ഈ വാക്കുകൾക്കുള്ള പശ്ചാത്തലം ഇതാണ്: "പിതാവ്, സകലവും തന്റെ കയ്യിൽ തന്നിരിക്കുന്നു ... എന്നും; താൻ ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും യേശു അറിഞ്ഞിരിക്കെ അത്താഴത്തിൽനിന്നു എഴുന്നേറ്റ് വസ്ത്രം ഊരിവെച്ചു ഒരു തുവർത്തു എടുത്ത്, അരയിൽ ചുറ്റി" (വാക്യങ്ങൾ 3 ഉം 4 ഉം). നാം നമ്മുടെ പുറമെയുള്ള വസ്ത്രം മാറ്റി, കയ്യുള്ള ഷർട്ടാണ് ഇട്ടിരിക്കുന്നതെങ്കിൽ കൈ ചുരുട്ടിവച്ച് മുണ്ട് മടക്കിക്കുത്തി ജോലി ചെയ്യാൻ തയ്യാറെടുക്കുന്നതുപോലെ യേശു എഴുന്നേറ്റു തന്റെ ബാഹ്യവസ്ത്രം അഴിച്ചുവെച്ചു. പിന്നെ അവൻ ഒരു തുവർത്തെടുത്തു അരയിൽ ചുറ്റി. അതു ഒരു നീണ്ട തുവർത്തായിരുന്നു.[7] ഒരറ്റം അരക്കു ചുറ്റിയാലും മറ്റെ അറ്റം, കഴുകിയ കാലുകൾ തുടയ്ക്കുന്നതിനു തൂങ്ങിക്കിടക്കുമായിരുന്നു.[8]

"ഒരു പാത്രത്തിൽ വെള്ളം പകർന്നു, ശിഷ്യന്മാരുടെ കാലുകൾ കഴുകുവാനും, അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി" (വാക്യം 5). യേശു കുനിഞ്ഞു ശിഷ്യന്മാരുടെ കാലുകൾ കഴുകുവാൻ തുടങ്ങുന്നതു ഒന്നു സങ്കല്പിക്കുക. തങ്ങളിൽ ആരായിരിക്കും വലിയവൻ എന്ന തർക്കം നിന്നു.[9] ചെറിയ സംസാരം ക്രമേണ ചുരുങ്ങി; എല്ലാ ശബ്ദവും നിശബ്ദമായി മാറി. യേശു കാൽ കഴുകുന്ന ശബ്ദം മാത്രമേ ഇപ്പോൾ കേൾക്കാനുള്ളൂ: വെള്ളം ഒഴിക്കുന്ന ശബ്ദം, കാലുകളിൽ വെള്ളം തെറിച്ചുവീഴുന്ന ശബ്ദം, പരുപരുത്ത തുവർത്തിന്റെ കിറുകിറാ ശബ്ദം, അഴുക്കുള്ള വെള്ളം ഒഴിച്ചു കളയുന്ന ശബ്ദം ശുദ്ധവെള്ളം പാത്രത്തിലേക്കു ഒഴിക്കുന്ന ശബ്ദം, യേശു ശ്വസിക്കുന്ന ശബ്ദം. ശിഷ്യന്മാർ ലജ്ജയോടെ പരസ്പരം നോക്കുകയും, അവരുടെ കണ്ണുകൾ നാണം കൊണ്ടു താഴുകയും ചെയ്തു.

ശിഷ്യന്മാരുടെ നിരയിൽ ചെന്നു അവരുടെ ഓരോരുത്തരുടെയും കാലുകൾ യേശു മാറിമാറി കഴുകിയപ്പോൾ, അവൻ തന്റെ ശിഷ്യന്മാരെ ദാസന്മാരായിതീരുവാൻ പഠിപ്പിക്കയായിരുന്നു. അവൻ പറഞ്ഞതു, "നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നു എങ്കിൽ, നിങ്ങൾ നിങ്ങളെത്തന്നെ താഴ്ത്തണം!"

തനിക്കു ചെയ്യാൻ മനസ്സില്ലാത്തതൊന്നും യേശു തന്റെ ശിഷ്യന്മാരോടു ആവശ്യപ്പെട്ടില്ല. യേശു സ്വർഗ്ഗത്തിൽ നിന്നു വന്നപ്പോൾ, "ദാസരൂപമെടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു, വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി'' (ഫിലിപ്പിയർ 2:7, 8). തന്റെ വരവിന്റെ ഉദ്ദേശം യേശു വ്യക്തമാക്കി, "മനുഷ്യ പുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതു

പോലെ തന്നെ എന്നു പറഞ്ഞു" (മത്തായി 20:28). തങ്ങളിൽ വലിയവൻ ആരായിരിക്കും, എന്നതിനെകുറിച്ച് അവർക്കിടയിൽ തർക്കം ഉണ്ടായപ്പോൾ യേശു പറഞ്ഞു, ''ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കുന്നവനെപ്പോലെ ആകുന്നു" (ലൂക്കൊസ് 22:27).

**നാമും തുവർത്തു എടുക്കേണ്ടതുണ്ട്**

ഇന്നു നാം, താഴ്മ എന്ന ആശയത്തിനു നല്കുന്നതു അധരസേവനമാണ്; താഴ്മയുള്ളവരായിതീരുവാൻ ബൈബിൾ പഠിപ്പിക്കുന്നുണ്ട് എന്നു നമുക്കറിയാം. എങ്ങനെയായാലും ശരി, താഴ്മ എന്നതു ആഗ്രഹിക്കത്തക്കതോ പ്രശംസിക്കത്തക്കതോ ആയ കാര്യമല്ല. "എളിമ" "അടിച്ചിരുത്തൽ" എന്നീ വാക്കുകൾ ഒരേ മൂലവാക്കിൽ നിന്നു വന്നതാണ്. "ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും താഴ്ത്തപ്പെട്ടിട്ടില്ല എന്നു ചിലർ പറയുന്നതു ഒരുപക്ഷേ നിങ്ങൾ കേട്ടിരിക്കാം. ആരും തരം താഴ്ത്തപ്പെടുവാനോ, ലജ്ജിതരാകുവാനോ, ക്ലേശിപ്പിക്കപ്പെടുവാനോ, ഇഷ്ടപ്പെടുകയില്ല. എന്നാൽ ഇതു മനസ്സിലാക്കുക. കാൽകഴുകൽ തരം താഴ്ത്തുന്ന ഒരു അനുഭവമാണ്. മറ്റുള്ളവരെസേവിക്കുക എന്നതു താഴ്ത്തപ്പെടുന്നതാണ്.

നമ്മിൽ പലരും "ദാസന്മാർ" എന്നു വിളിക്കപ്പെടുവാൻ മടിക്കുന്നില്ല. "കർത്താവിന്റെ ശ്രേഷ്ഠദാസന്മാർ" എന്നു നമ്മെ അറിയപ്പെട്ടാൽ നാം പുളകം കൊള്ളും. മറ്റുള്ളവർ നമ്മോടു ദാസന്മാർ എന്ന മട്ടിൽ പെരുമാറുന്നതാണ് നമുക്ക് ഇഷ്ടപ്പെടാത്തത്. പുതിയ നിയമ കാലയളവിൽ ദാസന്മാരെ ശകാരിക്കയും ദുരുപയോഗിക്കയും ചെയ്തിരുന്നു. ദാസന്മാരെ അനുമോദിച്ചിരുന്നില്ല.

നാം ദാസന്മാരായിത്തീരാൻ മനസ്സുള്ളവരോ? മറ്റുള്ളവരെ സേവിക്കുവാൻ, നമ്മെത്തന്നെ താഴ്ത്തുവാൻ കഴിയുമോ? മറ്റാരും ചെയ്യാനിഷ്ടപ്പെടാത്ത മോശമായ ജോലി ചെയ്യുവാൻ നമുക്ക് മനസ്സുണ്ടോ? മറ്റാരും നമ്മെ സഹായിച്ചില്ലെങ്കിലും നമുക്ക് ദാസ്യവേല ചെയ്യുവാൻ കഴിയുമോ? മറ്റുള്ളവർ അവരുടെ പങ്ക് ചെയ്തില്ലെങ്കിൽ പോലും നമുക്ക് അതിനു പറ്റുമോ? മറ്റുള്ളവർ നമ്മെ പ്രശംസിക്കും എന്ന കാരണത്താലല്ല, മറിച്ച് അതു ചെയ്യേണ്ടത് ശരിയാണെന്ന കാരണത്താൽ നമുക്കു സേവിക്കാൻ കഴിയുമോ?

ഇത്തരം സേവനം വളരെ കഠിനമാണ്. ക്രിസ്തീയ പാഠ്യപദ്ധതിയിലെ വിഷമകരമായ പാഠമാണ് താഴ്മ എന്നു ആരോ പറഞ്ഞിട്ടുണ്ട്. എങ്കിലും, യേശു നമ്മെ താഴ്മ എന്ന പാഠം പഠിപ്പിച്ചിട്ടുണ്ട്. പരീശന്മാരുടെ അഹങ്കാരത്തെ ശാസിച്ചുകൊണ്ട് യേശു പറഞ്ഞു, "നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (മത്തായി 23:11, 12).[10] ലോകം ഉയർച്ച

ആഗ്രഹിക്കുന്നു. യേശുവിനെ അനുഗമിക്കുന്നവൻ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിന് അവസരം നോക്കുന്നു.

## ശുദ്ധിയുടെ പാഠം
## (യോഹ 13:6-11)

### നമുക്ക് ആവശ്യം ആത്മീയശുദ്ധി

ശിഷ്യന്മാരുടെ നിരയിൽ യേശു അവരുടെ കാലുകൾ കഴുകി, ആ നിരയിലെ ഏറ്റവും വലുപ്പമേറിയ ചെരുപ്പുകൾക്കരികിൽ എത്തി.[11] "അവൻ ശിമോൻ പത്രൊസിന്റെ അടുക്കൽ വന്നപ്പോൾ അവൻ അവനോടു 'കർത്താവേ, നീ എന്റെ കാൽ കഴുകുന്നുവോ എന്നു പറഞ്ഞു'" (വാക്യം 6). യേശു എന്തുകൊണ്ടാണ് ഒരു ദാസൻ ചെയ്യുന്ന തരം താഴ്ന്ന ജോലി ചെയ്യുന്നതെന്ന് പത്രൊസിന്നു മനസ്സിലായില്ല.

"യേശു അവനോട്: ഞാൻ ചെയ്യുന്നതു നീ ഇപ്പോൾ അറിയുന്നില്ല; പിന്നെ അറിയും എന്നു ഉത്തരം പറഞ്ഞു" (വാക്യം 7). "എന്റെ മരണം, ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ ആവിർഭാവം എന്നിവ നീ പിന്നെ അറിയും" എന്നാണ് യേശു വിശദമാക്കിയത്.

എങ്ങനെയായാലും ആ സമയത്ത് പത്രൊസിനു അതു മനസ്സിലായില്ല. അവൻ യേശുവിനോട് പറഞ്ഞത് "നീ ഒരു നാളും എ ന്റെ കാലുകൾ കഴുകുകയില്ല" എന്നാണ് (വാക്യം 8). മൂലഭാഷയിൽ ഈ വാചകം ഇരട്ട നിഷേധരൂപത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. ഇംഗ്ലീഷിൽ, ഇരട്ട നിഷേധം ഒന്നു മറ്റൊന്നിനെ പുറന്തള്ളുന്നു എങ്കിൽ ഗ്രീക്കിൽ നിഷേധത്തെ ദൃഢമാക്കുകയാണ്. പത്രൊസ് അക്ഷരികമായി പറഞ്ഞു, "നീ എന്റെ കാൽ ഒരിക്കലും, ഒരിക്കലും കഴുകുകയില്ല".

"അതിനു യേശു, 'ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടു കൂടെ പങ്കില്ല എന്നു ഉത്തരം പറഞ്ഞു'" (വാക്യം 8). ഈ വിഷയത്തിൽ പത്രൊസ് യേശുവിന്നു കീഴ്പ്പെട്ടിരുന്നില്ലെങ്കിൽ അവർക്കു രണ്ടുപേർക്കും തമ്മിൽ കൂട്ടായ്മ ഉണ്ടാകുമായിരുന്നില്ല.

പത്രൊസ് ഒരിക്കലും പകുതി ചെയ്തു നിർത്തുവാൻ ആഗ്രഹിച്ചിരുന്നില്ല. "കർത്താവേ, എന്റെ കാൽ മാത്രമല്ല, കയ്യും തലയും കൂടെ കഴുകേണമേ എന്നു പറഞ്ഞു" (വാക്യം 9). മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ,"ശരി, കർത്താവേ, എന്നെ കുളിപ്പിക്കേണമേ! അങ്ങനെ മാത്രമേ എനിക്കു നിന്നോടു പങ്കു ലഭിക്കുകയുള്ളൂ എങ്കിൽ എന്റെ തല മുതൽ കാൽ വരെ കഴുകേണമേ എന്നർത്ഥം".

അവനോടു, "കുളിച്ചിരിക്കുന്നവന്നു കാൽ അല്ലാതെ കഴുകുവാൻ ആവശ്യമില്ല,[12] അവൻ മുഴുവനും ശുദ്ധിയുള്ളവൻ" (വാക്യം 10). നാം മുൻപു ശ്രദ്ധിച്ചതുപോലെ അതിഥികൾ, സാധാരണ അത്താഴത്തിനു

മുൻപു കുളിക്കും. എന്നാൽ അവർ മുഴുവനും ശുദ്ധമാകാൻ അവരുടെ കാലുകൾ കൂടെ കഴുകിയാൽമതി. പത്രൊസിന്റെ ശരീരത്തിൽ കഴുകി ശുദ്ധമാക്കേണ്ടിയിരുന്ന ഭാഗം കാലുകളായിരുന്നു.

പിന്നെ യേശു ഗൂഢാർത്ഥത്തിലുള്ള ഈ പ്രസ്താവന നടത്തി: "നിങ്ങൾ ശുദ്ധിയുള്ളവർ ആകുന്നു, എല്ലാവരും അല്ലതാനും എന്നു പറഞ്ഞു" (വാക്യം 10). മൂലഭാഷയിൽ, ഇവിടെ ഉപയോഗിച്ചിരിക്കുന്നത് "നീ" എന്ന ഏകവചനമാണ് (വാക്യം 8). എന്നാൽ 10-ാം വാക്യത്തിൽ ഉപയോഗിച്ചിരിക്കുന്നത് ബഹുവചനത്തിലാണ്.[13] ഇംഗ്ലീഷിൽ അതിന്നു വേറെ ബഹുവചനം ഇല്ല. ഗ്രീക്കിൽ ഉണ്ട്. പത്രൊസിനോട് സംസാരിക്കുന്നതു നിർത്തിയിട്ട് ഇപ്പോൾ യേശു എല്ലാവരേയും ഉൾപ്പെടുത്തി സംസാരിക്കുകയാണ്. ''എല്ലാവരും ശുദ്ധരല്ലതാനും,'' അവരുടെ ഭൗതിക ശരീരങ്ങളെ കൈ ചൂണ്ടിയാണ് പറയുന്നത്. പിന്നീട് അവൻ അവരോട് ആത്മീയ ഊന്നൽ കൊടുത്തു ദുഃഖ സ്പർശിയായ ശബ്ദത്തിൽ അവൻ പറഞ്ഞു ''എല്ലാവരും അല്ലതാനും."

യേശു അർത്ഥമാക്കിയതെന്തെന്നു നമുക്കു ഊഹിക്കേണ്ട ആവശ്യമില്ല, കാരണം അടുത്ത വാക്യത്തിൽ അതു വിശദമാക്കുന്നുണ്ട്: "അവനെ കാണിച്ചു കൊടുക്കുന്നവനെ അറിഞ്ഞിരിക്കകൊണ്ടത്രെ എല്ലാവരും ശുദ്ധിയുള്ളവരല്ല എന്നു പറഞ്ഞത്" (വാക്യം 11). "എല്ലാവരും ശുദ്ധിയുള്ളവരല്ല" എന്നു പറഞ്ഞതു യൂദയെക്കുറിച്ചാണ്. ഒരു പക്ഷേ യൂദയ്ക്കു മാനസാന്തരപ്പെടുവാൻ യേശു കൊടുക്കുന്ന അവസാന അവസരം ആയിരുന്നേക്കാം.

എങ്ങനെയായാലും ഞാൻ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്ന സത്യം, എന്തെന്നാൽ, യേശു ശിഷ്യന്മാരുടെ കാൽ കഴുകിയപ്പോൾ, ശാരീരികശുദ്ധിയേക്കാൾ ആത്മീയ ശുദ്ധിക്കാണ് അവൻ പ്രാധാന്യം നല്കിയത്. അതു നാം മനസ്സിൽ വെച്ചു കൊണ്ടു 8-ാം വാക്യത്തിലെ പ്രസ്താവന നോക്കിയാൽ ആഴത്തിൽ അതിന്റെ അർത്ഥം മനസ്സിലാകും: "ഞാൻ നിന്നെ കഴുകാഞ്ഞാൽ നിനക്കു എന്നോടു കൂടെ പങ്കില്ല" എന്നതു ആത്മീയമായി നമ്മെ സംബന്ധിച്ചും വാസ്തവമാണ്. യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ടില്ലെങ്കിൽ നമുക്കു അവനോടു കൂട്ടായ്മയില്ല! വെളിപ്പാട് 1:5 പറയുന്നത്: "യേശു തന്റെ രക്തത്താൽ നമ്മെ വിടുവിച്ചു എന്നാണ്."

പാപത്തിനു അധീനരായതുകൊണ്ടു നാം ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കണം അപ്പോൾ അവൻ തന്റെ രക്തത്താൽ കഴുകും. അനന്യാസ് ശൗലിനോടു പറഞ്ഞതു, ''എഴുന്നേറ്റു കർത്താവിന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു, സ്നാനം ഏറ്റു, നിന്റെ പാപങ്ങളെ കഴുകിക്കളക, എന്നാണ് (പ്രവൃത്തി 22:16; എംഫസിസ് മൈൻ). നാം ആത്മീയമായി കഴുകപ്പെട്ടുകഴിഞ്ഞാൽ "തല മുതൽ കാൽ വരെ" ദിവസവും നാം സഞ്ചരിക്കുന്ന പാത അഴുക്കുപറ്റുന്നതും വൃത്തി

കേടാക്കുന്നതുമാണ്. അതിനാൽ യേശുവിന്റെ കൈകളാൽ തുടർച്ച യായ ശുദ്ധീകരണം ആവശ്യമാണ്.

> നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു, എങ്കിൽ അവൻ നമ്മുടെ പാപ ങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തി ട്ടില്ല എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവന്റെ വചനം നമ്മിൽ ഇല്ലാതെയായി.
>
> എന്റെ കുഞ്ഞുങ്ങളെ നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇതു നിങ്ങൾക്കു എഴുതുന്നു. ഒരുവൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടു ക്കൽ ഉണ്ട്" (1 യോഹന്നാൻ 1:9–2:1).

**നാം കീഴ്പ്പെടുവാൻ ശീലിക്കണം**

യേശു ആത്മാക്കളെ ശുദ്ധീകരിപ്പാൻ അനുവദിക്കുന്ന പല ഘട കങ്ങളെക്കുറിച്ചും സംസാരിക്കാൻ നമുക്ക് കഴിയും. ഈ സന്ദർഭത്തിൽ യേശു പത്രൊസിന്റെ കാൽ കഴുകുമ്പോൾ പറയുന്നതു തന്റെ മനസി ലുള്ള ചില പ്രത്യേകത സൂചിപ്പിക്കുന്നു; അതാണ് കീഴ്പ്പെടൽ. അവന്നു അതു മനസ്സിലായില്ലെങ്കിലും, സമ്മതമല്ലെങ്കിലും ഇഷ്ടമല്ലെങ്കിലും കർത്താവിന്റെ ഇഷ്ടത്തിന് കീഴ്പ്പെട്ടാലേ പത്രൊസിന്നു ശുദ്ധീകരണം കിട്ടുമായിരുന്നുള്ളൂ.

പത്രൊസ് തന്റെ അഹംഭാവത്തോടു വളരെ പോരാടിയിരുന്നതാ ണ്. അതു നമ്മിൽ പലരിലും ഉണ്ട്. യേശു പറഞ്ഞതു, പത്രൊസ് അതു പിന്നെ അറിയും എന്നാണ്. അവസാനം പത്രൊസ് അതു വളരെ വ്യക്ത മായി മനസ്സിലാക്കി. പത്രൊസ് പിന്നെ എഴുതി:

> അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ, എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി, താഴ്മ ധരിച്ചു കൊൾവിൻ.
>
> ദൈവം നിഗളികളോടു, എതിർത്തു നില്ക്കുന്നു, താഴ്മയുള്ള വർക്കു കൃപ നല്കുന്നു (1 പത്രൊസ് 5:5, 6).

ഞാനും നിങ്ങളും തുടർച്ചയായി യേശുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കപ്പെട്ടാൽ നാം കീഴ്പ്പെടുന്ന ജീവിതരീതി സ്വീകരിക്കും. "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നട ക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട്.[14] അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹന്നാൻ 1:7).

## സന്തോഷത്തിന്റെ പാഠം
## (യോഹന്നാൻ 13:12-17)

### നാം "കാൽ കഴുകൽ" ശീലിക്കണം

അവസാനത്തെ കാൽ കഴുകി, അവസാനത്തെ വിരലും തുടച്ചു കഴിഞ്ഞ്, താൻ ചെയ്തത് എന്തെന്നും ശിഷ്യന്മാർ അതു പ്രാവർത്തികമാക്കേണ്ടതു എങ്ങനെ എന്നും യേശു വിശദമാക്കാൻ തുടങ്ങി. അവൻ അവരുടെ കാൽ കഴുകിയിട്ട് വസ്ത്രം ധരിച്ചു വീണ്ടും ഇരുന്നു. ശിഷ്യന്മാരുടെ എല്ലാ കണ്ണുകളും യേശുവിങ്കലേക്കു തിരിഞ്ഞു.

"അവൻ വസ്ത്രം ധരിച്ചു വീണ്ടും ഇരുന്നു. അവരോടു പറഞ്ഞതു ഞാൻ നിങ്ങൾക്കു ചെയ്തത് ഇന്നതു എന്നു അറിയുന്നുവോ?" (വാക്യം 12). "ഇതെന്തു ചോദ്യം എന്നതായിരിക്കാം അവരുടെ പ്രതികരണം![15] നീ ചെയ്തതു, ഞങ്ങളുടെ കാൽ കഴുകി!" അതു ഞങ്ങൾക്കറിയാം. എന്നാൽ യേശു അർത്ഥമാക്കിയത് ഞാൻ ചെയ്തതു വാസ്തവത്തിൽ നിങ്ങൾ മനസ്സിലാക്കിയോ? ഞാൻ എന്താണു ചെയ്തത് എന്നു നിങ്ങൾക്കറിയാമോ?

പ്രായോഗികമാക്കൽ യേശു വിശദമാക്കാൻ തുടങ്ങി. "നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു.[16] ഞാൻ അങ്ങനെ ആകകൊണ്ട് നിങ്ങൾ പറയുന്നത് ശരി. കർത്താവും ഗുരുവും ആയ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽതമ്മിൽ കാൽ കഴുകേണ്ടതാകുന്നു." (വാക്യങ്ങൾ 13 ഉം 14 ഉം). "നിങ്ങളും എന്റെ കാൽ കഴുകേണം" എന്നു പറഞ്ഞു അവൻ ആ വാചകം അവസാനിപ്പിക്കാൻ അവർ കാത്തിരിക്കുന്നു. അതു ന്യായവുമാണ്. അശുദ്ധമായ 24 കാലുകളും 120 വിരലുകളും അവൻ കഴുകി. എന്നാൽ അവന്റെ കാലിൽ അപ്പോഴും അഴുക്ക് ഇരുന്നിരിക്കാം. അതുകൊണ്ട് അവർ ഇപ്പോൾ കർത്താവിന്റെ കാൽ കഴുകുന്നത് ഉചിതം തന്നെ. (നമ്മിൽ അനേകർക്ക് യേശുവിന്റെ കാൽ കഴുകുവാൻ മടി കാണുകയില്ല. വേണമെങ്കിൽ നാം അതിനു ക്യൂ നില്ക്കും). അതിനു പകരം യേശു പറഞ്ഞു, "നിങ്ങളും തമ്മിൽതമ്മിൽ കാൽകഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്നു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു" (വാക്യം 14, 15; എംഫസിസ് മൈൻ).

നാം കാൽ കഴുകണമെന്നു യേശു ആഗ്രഹിക്കുന്നുവോ? ഒരുപക്ഷേ, അതു വലിയ കാര്യമായിരിക്കയില്ല. നമ്മുടെ സ്നേഹിതന്മാരിൽ ചിലരെ നാം തിരഞ്ഞെടുത്തു തമ്മിൽ തമ്മിൽ കാൽ കഴുകും. ഒന്നു നില്ക്കു! യേശു പറഞ്ഞു, "ഞാൻ ചെയ്തതു പോലെ നിങ്ങളും ചെയ്യേണ്ടതാകുന്നു". മറ്റു ശിഷ്യന്മാരോടൊപ്പം യൂദയും അവിടെയുണ്ടായിരുന്നു. യൂദയുടെ കാൽ യേശു എങ്ങനെ കഴുകിയിരിക്കും എന്നാണ് നിങ്ങൾ ഊഹിക്കുന്നത്? യൂദാ തന്നെ ഒറ്റിക്കൊടുക്കുവാനിരിക്കുന്നു

എന്ന് യേശുവിന് അറിയാമായിരുന്നു എന്നോർക്കുക. ഞാനായിരുന്നു വെങ്കിൽ ഒന്നുകിൽ തിളപ്പിച്ച വെള്ളമോ അല്ലെങ്കിൽ ഐസ്കട്ടയോ ഉപയോഗിക്കുമായിരുന്നു! യൂദയുടെ കാൽ തുടയ്ക്കുമ്പോൾ, അവന്റെ കാലിലെ തൊലി ഉരിയത്തക്കവിധത്തിൽ തുടക്കുമായിരുന്നു! മറ്റുള്ള വരോടു കാണിച്ച അതേ സ്നേഹത്തോടും കരുതലോടും കൂടെയാണ്, യേശു വ്യക്തമായും, യൂദയോടും പെരുമാറിയത്.[17] ശത്രുവായാലും മിത്രമായാലും "കാൽ കഴുകുവാൻ" നാം തയ്യാറാകണം എന്ന പാഠ മാണ് യേശു എനിക്കു തരുന്ന മാതൃക.

യേശു തുടരുന്നു: "ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു; ദാസൻ യജമാനനേക്കാൾ വലിയവൻ അല്ല. ദൂതൻ തന്നെ അയച്ചവ നേക്കാൾ വലിയവനുമല്ല" (വാക്യം 16). അവൻ ശത്രുക്കളുടേയും മിത്ര ങ്ങളുടെയും കാൽ കഴുകിയതുപോലെ യാതൊരു ഒഴിവു കഴിവും കൂടാതെ നമുക്കും അതു ചെയ്യുവാൻ കഴിയും എന്നു തെളിയിച്ചിരി ക്കുന്നു.

"പിന്നെ നാമും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാണെന്നു യേശു പറഞ്ഞതിന്റെ *അർത്ഥം* എന്തെന്നു നിങ്ങൾ ചോദിച്ചേക്കാം?" നാം ആരാ ധനയുടെ ഭാഗമായി ഒരു ചടങ്ങായി കാൽ കഴുകൽ ശുശ്രൂഷ നട ത്തുവാനാണോ? യേശു അർത്ഥമാക്കിയിരിക്കുന്നത്. ചില നാമധേയ വിഭാഗങ്ങൾ ഇതു ചെയ്യുന്നുണ്ട്. അവർ കർത്തൃമേശക്കായി (മൂന്നു മാസത്തിൽ ഒരിക്കലോ ആറുമാസത്തിൽ ഒരിക്കലോ അല്ലെങ്കിൽ വർഷ ത്തിൽ ഒരിക്കലോ[18]) കൂടി വരുമ്പോൾ, കാൽ കഴുകൽ ശുശ്രൂഷ ഒരു ചടങ്ങായി ചെയ്യും. ഇതിനായി അവർ തിരഞ്ഞെടുക്കുന്നവരുടെ ചെരു പ്പുകളോ, കാലുകളോ അഴുക്കൊന്നും ഇല്ലാത്തതാണ്. ഈ ചടങ്ങിൽ കാൽ കഴുകുന്നവർ കഴു കുന്ന കാലുകൾ എല്ലാം തികച്ചും ശുദ്ധമാ യിരിക്കും. ആരംഭത്തിലെ – കാലിലെ അഴുക്കു കളയൽ – എന്ന ഉദ്ദേശം ഇല്ലാതായിരിക്കയാണ്.

ഇതിൽ യേശു എന്താണ് കല്പിച്ചത്? പുതിയനിയമത്തിലെ ശേഷം ഭാഗങ്ങൾ കൂടെ പരിശോധിക്കുക. ആദിമക്രിസ്ത്യാനികളുടെ ലേഖന ങ്ങളും പരിശോധിക്കുക. ആദ്യസഭ ഒരിക്കലും ആരാധനയിൽ ഇതൊരു ആചാരമായിട്ടോ ചടങ്ങായിട്ടോ ചെയ്തിരുന്നില്ല. വിധവമാരെ അവരുടെ യോഗ്യത മാനിച്ചു സഹായിക്കണമെന്നു പൗലോസ് തിമൊഥെയോ സിനെ നിർദ്ദേശിക്കുമ്പോൾ പറയുന്നതല്ലാതെ മറ്റു വേദഭാഗങ്ങളിൽ ഒന്നും ഇതു കാണുന്നില്ല.

> സൽപ്രവൃത്തികളാൽ ശ്രുതിപ്പെട്ടു ഏകഭർത്താവിന്റെ ഭാര്യയായിരുന്നു അറുപതുവയസ്സിൽ താഴെയല്ലാത്ത വിധവ മക്കളെ വളർത്തുകയോ, അതിഥികളെ സൽക്കരിക്കയോ വിശുദ്ധന്മാരുടെ കാലുകൾ കഴുകു കയോ സകല സൽപ്രവൃത്തിയും ചെയ്തു പോരുകയോ ചെയ്യുന്നു വെങ്കിൽ അവളെ തിരഞ്ഞെടുക്കാം (1 തിമൊഥെയോസ് 5:9, 10).

പല യോഗ്യതകളും ഇവിടെ പറയുന്നുണ്ട്. അവയിൽ ഒന്നു ആരാധനയുടെ ഭാഗമായി ചടങ്ങായി എടുത്താൽ എല്ലാം എടുക്കേണ്ടിവരും. പക്ഷേ യേശു അർത്ഥമാക്കിയതു അതായിരുന്നില്ല.

പ്രത്യേക ആചാരമായി ചെയ്യുവാനല്ല യേശു സൂചിപ്പിച്ചതെങ്കിൽ നാം തമ്മിൽ തമ്മിൽ കാൽ കഴുകേണം എന്നു യേശു പറഞ്ഞതിന്റെ അർത്ഥം എന്താണ്? ഉപദേഷ്ടാവും എഴുത്തുകാരനുമായ ചാൾസ് ഹോജ് പറഞ്ഞത് ശരിയാണ്, "കാൽ കഴുകലിനെ കുറിച്ച് നാം തർക്കിച്ചു ജയിച്ചേക്കാം. എന്നാലും കാൽ കഴുകാൻ പഠിക്കണമെന്നില്ല." പുതിയ നിയമകാലയളവിൽ കാൽ കഴുകൽ തന്നെത്താൻ താഴ്ത്തുന്ന ഒരു പ്രവൃത്തി ആയിരുന്നു. ഇരുപതാം നൂറ്റാണ്ടിലും ക്രിസ്ത്യാനികൾ മറ്റുള്ളവരെ ശുശ്രൂഷിക്കാൻ മനസ്സുള്ളവരാകണം. അവർ ആരായിരുന്നാലും അതിനുള്ള വില എന്തായാലും അതെത്ര അനിഷ്ടമായാലും ചെയ്യണം.

"ഞാൻ അത്ഭുതപ്പെടുന്നു." എന്ന തലക്കെട്ടോടുകൂടെ രൂത്ത്ഹാംസ് കാൽക്കിൻ ഒരു പദ്യം രചിക്കുകയുണ്ടായി. അതിൽ അവർ ചോദിക്കുന്ന ഒരു ചോദ്യം നാമും ചോദിക്കണം:

കർത്താവേ, ഞാൻ നിന്നെ എങ്ങനെ
ശുശ്രൂഷിച്ചു എന്ന് നീ അറിയുന്നുവല്ലോ,
വലിയ വികാര തീവ്രതയോടെ,
പ്രകാശ പ്രഭയിൽ, സ്ത്രീസമാജത്തിൽ

എത്ര താല്പര്യത്തോടെ നിന്നെപ്രസംഗിച്ചു
ഒരു കൂട്ടായ്മയോഗത്തെ വളർത്തിയെടുക്കാൻ
ഞാൻ എത്ര തിളച്ചുമറിഞ്ഞു യത്നിച്ചു
എന്നു നീ അറിയുന്നുവല്ലോ!
ഒരു ബൈബിൾ പഠനത്തിലും എന്റെ

ആത്മാർത്ഥ താല്പര്യം നീ അറിയുന്നുവല്ലോ!
ആരുമറിയാതെ ഒരു മുറിയിൽ
ആരും കാണാതെ ദിവസങ്ങൾ തോറും
മാസങ്ങൾതോറും പ്രായം ചെന്ന
തൊലിയെല്ലാം വരണ്ടുണങ്ങിയ കാലുകളും
ഒരു പാത്രം വെള്ളവും കാണിച്ചു തന്നാൽ
എങ്ങനെ പ്രതികരിക്കും എന്നു
ഞാൻ അത്ഭുതപ്പെടുന്നു![5]

ദാസ്യവേല ചെയ്യുവാൻ നാം ശീലിച്ചിട്ടുണ്ടോ? തരം താഴ്ന്ന ജോലി ചെയ്യാൻ നാം ശീലിച്ചിട്ടുണ്ടോ? വൃത്തികെട്ട ജോലി ചെയ്യുവാൻ, ഹീനമായ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ, ഇഷ്ടമില്ലാത്ത ചുമതല വഹിക്കുവാൻ ആളുകൾ ഒരിക്കലും പ്രശംസിക്കാത്തതും ചിലപ്പോൾ ഉപ

ദ്രവം ഏല്ക്കേണ്ടി വരുന്നതുമായ ജോലി ചെയ്യുവാൻ നാം ശീലിച്ചിട്ടുണ്ടോ? യേശു യൂദയുടെ കാൽ കഴുകിയ ശേഷവും അവൻ പുറത്തു പോയതു യേശുവിനെ കാണിച്ചു കൊടുക്കേണ്ടതിനായിരുന്നു. എന്നിട്ടുപോലും യേശു നമ്മോടു പറഞ്ഞതു "തമ്മിൽ തമ്മിൽ കാൽ കഴുകേണം എന്നാണ്."

ലോകത്തുള്ളവർ ചോദിക്കുന്നത്: നിങ്ങളുടെ കീഴിൽ എത്ര ജോലിക്കാർ ഉണ്ടെന്നാണ്. കർത്താവു ചോദിക്കുന്നത് നിങ്ങൾ എത്രപേർക്കു ശുശ്രൂഷ ചെയ്തു എന്നാണ്. നമ്മിൽ പലരും അന്തസ്സോടെ കൈകെട്ടി നില്ക്കും, കുനിഞ്ഞു കാൽ കഴുകേണ്ട സമയത്ത്.

**സന്തോഷത്തിനു മുഖ്യമായതു "കാൽ കഴുകൽ"**

സംശയാലുക്കൾ അറിയാൻ ആഗ്രഹിക്കുന്നത് "അതിൽ എന്തു പ്രയോജനം" എന്നാണ്. നാം മറ്റുള്ളവരെ സേവിച്ചാൽ എന്തുകിട്ടുമെന്നു 17-ാം വാക്യം പറയുന്നു. "ഇതു നിങ്ങൾ അറിയുന്നുവെങ്കിൽ ചെയ്താൽ ഭാഗ്യവാന്മാർ." 12-ാം വാക്യത്തിൽ യേശു ചോദിച്ചു, ഞാൻ നിങ്ങൾക്കു ചെയ്തതു ഇന്നതെന്നു അറിയുന്നുവോ? അവർ അതു അറിഞ്ഞു എന്നു യേശു ഉറപ്പിക്കുകയായിരുന്നു. എന്നാൽ ഫലത്തിൽ പറഞ്ഞതു: നിങ്ങളുടെ അറിവ് പ്രയോഗത്തിൽ വരുത്തിയാൽ നിങ്ങൾ ഭാഗ്യവാന്മാർ എന്നാണ്. മറ്റുള്ളവരെ സേവിക്കണമെന്നു നാം അറിഞ്ഞാൽ മാത്രം പോരാ. ദൈവം നമ്മെ അനുഗ്രഹിക്കണമെങ്കിൽ നാം മറ്റുള്ളവരെ സേവിക്കണം.

ഈ വാക്യത്തിൽ, ഞാൻ ഊന്നൽ ചെലുത്തുവാൻ ആഗ്രഹിക്കുന്നത് "ഭാഗ്യവാൻ" എന്നതിനാണ്. യേശു തന്റെ ഗിരിപ്രഭാഷണത്തിൽ സ്വർഗ്ഗീയ സുഖത്തെക്കുറിച്ച് പറയുമ്പോൾ ഉപയോഗിച്ചതും ഇതേ വാക്കാണ്. ഗ്രീക്കു വാക്കു സൂചിപ്പിക്കുന്നതു, ആന്തരിക സുഖം, സന്തോഷം, സമാധാനം എന്നിവയാണ്. അതു പുറമേയുള്ള സാഹചര്യത്തെ ആസ്പദമാക്കിയുള്ളതല്ല. ഇംഗ്ലീഷിൽ മറ്റൊരു തർജ്ജിമ ഞാൻ ഇഷ്ടപ്പെടുന്നതു പറയുന്നത്; നിങ്ങൾ ഇതു അറിയുന്നുവെങ്കിൽ ചെയ്താൽ സന്തോഷവാന്മാർ എന്നാണ്. ആഴമേറിയ സന്തോഷം അനുഭവിക്കുവാൻ ശുശ്രൂഷ ശീലിക്കണം.

ശുശ്രൂഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരാണ് ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത്. അവർ വിചാരിക്കുന്നത് മറ്റുള്ളവർ അവരോടു മാന്യമായി പെരുമാറുന്നില്ല. അവർക്കു യോഗ്യമായതൊന്നും കിട്ടിയിട്ടില്ല. അവർ ആഗ്രഹിക്കുന്നതു ഒന്നും അവർ ക്കില്ല എന്ന ചിന്തയുമാണുള്ളത്. ആരെങ്കിലും വന്നു അവർക്കു അതു നല്കുവാൻ അവർ കാത്തിരിക്കുന്നു. അവർ ദുരിതത്തിൽ തന്നെയാണ്. തങ്ങൾ സന്തോഷമുള്ളവരോ അല്ലയോ എന്നു കണക്കാക്കാതെ മറ്റുള്ളവരുടെ സന്തോഷത്തിലും ഉയർച്ചയിലും കരുതലുള്ളവരാണ് സ്ഥിരമായി സന്തോഷിക്കുന്നവർ. തുവർത്തിന്റെ പാഠത്തിലെ ഏറ്റവും മുഖ്യമായ ഒന്നാണിത്.

**ഉപസംഹാരം**

തുവർത്തിന്റെ മറ്റുപാഠങ്ങളും ശ്രദ്ധിക്കാവുന്നതാണ്. എന്നാൽ അവയൊന്നും ഇവയേക്കാൾ മുഖ്യമല്ല എന്നു തീർച്ച – താഴ്മ, ശുദ്ധി, സന്തോഷം.

ദാസ്യവേലയെക്കുറിച്ചു നാം ഓരോരുത്തരും നമ്മിൽ ആഴത്തിൽ ഇറങ്ങിച്ചെല്ലും വിധത്തിൽ ചോദിക്കണം. ഞാൻ കർത്താവിനെ ശുശ്രൂഷിക്കുന്നുണ്ടോ? ഞാൻ എന്റെ സഹമനുഷ്യനെ സേവിക്കുന്നുണ്ടോ? ഓരോ ദിവസവും ഒരു ദാസനായി ഞാൻ വളരുന്നുണ്ടോ?[20]

കീഴ്പ്പെടുന്നതിനെ സംബന്ധിച്ച് വ്യക്തിപരമായി ചില ചോദ്യങ്ങൾ കൂടെ ചോദിക്കുന്നു. കർത്താവു കല്പിക്കുമ്പോൾ നാം ഉടനെ അനുസരിക്കുമോ? "അതോ പത്രൊസ് പറഞ്ഞതു പോലെ ഒരിക്കലും അരുത് എന്നു പറയുമോ?" പത്രൊസിന്റെ രണ്ടാമത്തെ പ്രതികരണം നാം പഠിക്കണം. "നിന്റെ ഇഷ്ടം പോലെ എന്റെ തലമുതൽ കാൽ വരെ കഴുകേണമേ"[21] ദൈവമേ, തുവർത്തിന്റെ പാഠങ്ങൾ പരിശീലിക്കാൻ ഞങ്ങളെ സഹായിക്കേണമേ!

---

കുറിപ്പുകൾ

[1]ഒരു രോഗിയെ കരുതി ശുശ്രൂഷിക്കുന്നതോ കരുതുന്നതോ, പ്രായമായ ഒരാളെ സംരക്ഷിക്കയോ ശുശ്രൂഷിക്കുകയോ ചെയ്യുന്ന വ്യക്തിപരമായ ചിത്രീകരണം ചേർക്കാം. [2]ഞാൻ യേശു ശിഷ്യന്മാരുടെ കാൽ കഴുകിയതു കുനിഞ്ഞു കഴുകി പറഞ്ഞു "ഇതു ഞാൻ ഈ സഥാനം നിങ്ങൾക്കു തരേണ്ടതിന്നു കാണിച്ചു തന്നതാണ് - പിന്നെ ഞാൻ വിചാരിച്ചു അതു വേണ്ടെന്നു." കാരണം കുനിയുവാൻ പ്രയാസമില്ല. പക്ഷേ അതേ പടി നിവരുവാൻ പ്രയാസമാണ്. ചെറുപ്പക്കാർക്കു വളരെ എളുപ്പം ചെയ്യാം. [3]അവർ അക്ഷരികമായി വലത്തു കൈകൊണ്ടാണ് ഭക്ഷിച്ചതു. കാരണം അവർ ഭക്ഷിക്കുവാൻ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നില്ല. [4]യേശു സ്നേഹിച്ച ശിഷ്യൻ (യോഹന്നാൻ) യേശുവിന്റെ നെഞ്ചിനോടു ചാഞ്ഞിരുന്നു എന്നാണ് പറഞ്ഞിരുന്നതു (യോഹന്നാൻ 13:23). [5]യേശുവിനും ശിഷ്യന്മാർക്കും അത്താഴമൊരുക്കാൻ മുറി ശരിയാക്കുമെന്നു പറയുമ്പോൾ നാം ഊഹിക്കുന്നതു സാധാരണ സജ്ജീകരണങ്ങൾ ഉള്ളമുറിയാണ്. തനിക്കു മുമ്പായി പോയി മേശക്കു ഒരുക്കാനായിട്ടാണ് യേശു അവരോടു പറഞ്ഞതു. "അവൻ വിരിച്ചൊരുക്കിയ വൻ മാളിക നിങ്ങൾക്കു കാണിച്ചു തരും" (മർക്കൊസ് 14:15). [6]ലോകത്തിൽ യൂറോപ്പിലും ഓരിയെന്റിലും മറ്റു ഭാഗങ്ങ യുന്ന വാക്ക് ഞാൻ ചിരിച്ചുകൊണ്ടു പറയും "യൂ ആൾ" എന്ന്. അതു ഓരോ പ്രദേശത്തും ഉപയോഗിക്കുന്ന വാക്കു പറയാം. [7]ഞാൻ എന്റെ കോട്ട് ഒരു വശത്ത് ഊരിയിടും, എന്നിട്ട് ഷർട്ടിന്റെ കൈയ് ചുരുട്ടിവയ്ക്കും. [8]എന്റെ അരയിൽചുറ്റി താഴെകിടക്കുംവിഥധത്തിൻ നീളമുള്ള ടവ്വൽ എന്റെ കയ്യിൽ ഇല്ല.അതുകേണ്ട് ടവ്വലിന്റെ ഒരുവശം എന്റെ പാന്റിന്റെ മികൾഭാഗത്ത് തിരുകും.അങ്ങനെ ടവ്വലിന്റെ കുറെ ഭാഗം തൂങ്ങികിടക്കും. [9]ഞാൻ മുട്ടിൽമേൽ നിന്ന് പാദങ്ങൾ കഴുകാൻ തുടങ്ങും. [10]യാക്കോബ് 4:6 നോക്കുക. [11]അമേരിക്കയിൽ 13 വലിയ സൈസ് ആണ്. ലോകത്തിൽ ചെരുപ്പുകൾ പലവിധത്തിൽ ആയതുകൊണ്ട് വായനക്കാർക്കു സുപരിചിതമായത് മനസ്സിലാക്കുവാൻ ചേർക്കുക. [12]KJV യിൽ "കഴുകി" എന്നാണ്, എന്നാൽ ഗ്രീക്കുവാക്കു വ്യത്യസ്തമായ ഒന്നിൽ നിന്നാണ്

തർജ്ജിമചെയ്തിരിക്കുന്നത് “കഴുകുക”, “കുളിച്ചു” അതു കഴുകലിന്റെ ദൈർഘ്യത്തെ സൂചിപ്പിക്കുന്നു. [13]തെക്കൻ അമേരിക്കയിൽ ഞാൻ പുഞ്ചിരിച്ചു തലകുലുക്കിയാൽ, “ടെക്സാസിൽ ഒഴിച്ച് (മറ്റെവിടെയായാലും), y' all”. മറ്റുപ്രദേശങ്ങളിലും അമേരിക്കയിൽ തന്നെ നാടൻ പ്രയോഗങ്ങൾ (“youse”, മുതലായവ). ഒരു പക്ഷെ നിങ്ങളുടെ സ്ഥലത്ത് ഉപയോഗിക്കുന്ന “you” എന്നതിന്റെ ബഹുവചനരൂപം ആയിരിക്കും.

[14]മൂലഭാഷയിൽ “ശുദ്ധീകരിക്കുന്നു” എന്നതു വർത്തമാന കാലത്തിലാണ് പറഞ്ഞിരിക്കുന്നത്. ഗ്രീക്കിൽ അതു തുടർ പ്രവർത്തിയെ സൂചിപ്പിക്കുന്നു. [15]ഈ സമയത്തു ഞാൻ അരയിലെ തുവർത്തെടുത്തു മാറ്റി കോട്ട് തിരികെ ഇടും. [16]ഒരു സ്കൂൾ അദ്ധ്യാപകൻ എന്ന പഴയ പ്രയോഗമായ “യജമാനൻ” എന്നാണ് KJV പറഞ്ഞിരിക്കുന്നത്. [17]ഈ സമയത്തു ഇസ്കാര്യത്തോ യൂദാ ഒരു വിശ്വാസഘാതകനാണെന്നു മറ്റു ശിഷ്യന്മാർക്കു അറിഞ്ഞുകൂടായിരുന്നു എന്നോർക്കുക (യോഹന്നാൻ 13:28). യേശു യൂദയോടു വ്യത്യസ്തമായി പെരുമാറുമായിരുന്നെങ്കിൽ മറ്റു ശിഷ്യന്മാർ ശ്രദ്ധിക്കുമായിരുന്നു. [18]എല്ലാ ഞായറാഴ്ചയും ആചരിക്കണമെന്നു പുതിയ നിയമം പഠിപ്പിക്കുന്നു. [19]ഞാൻ ഈ പദ്യം എടുത്തതു റിച്ചാർഡ് റോജേഴ്സിന്റെ “ദി ചലഞ്ച് ഓഫ് എക്സലൻസ്” എന്ന പ്രസംഗത്തിൽ നിന്നാണ് (1994, മാർച്ച് നാലാം തീയതി അർക്കെൻസാസിലെ ഹാർഡിങ്ങ് യൂണിവേഴ്സിറ്റിയിൽ വെച്ച്). [20]എന്റെ പ്രസംഗത്തിൽ ഞാൻ ചോദിക്കും: നാം സേവിക്കുന്ന ഇടവകയായി തീരുന്നുണ്ടോ?

[21]ഈ വാക്കുകൾ സ്വാഭാവികമായി ക്ഷണത്തിലേക്കു നയിക്കും.